# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 646** 03.04.2018 -ലെ മറുപടി

**വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

ചോദ്യം

ശ്രീ. എം. സ്വരാജ്
ശ്രീ. ഇ.പി.ജയരാജൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. സി. കെ. ശശീന്ദ്രൻ

മറുപടി

മാത്യു ടി. തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ കിടക്കുന്നതിനാൽ ചെലവ് അധികരിക്കുകയും വൻ നിക്ഷേപം പ്രയോജനരഹിതമായിത്തീരുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇത്തരം പദ്ധതികളുടെ നിക്ഷേപ പ്രയോജന വിശകലനം നടത്തിയിരുന്നോ; | എ) | പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കും എന്നീ കാര്യങ്ങളെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | കടുത്ത വരൾച്ച നേരിടുന്ന തൃശ്ശൂർ ജില്ലയിൽ കൃഷി നാശം തടയാൻ ഉപയുക്തമായ ചാലക്കുടി ഡൈവേർഷൻ സ്കീം പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | മൂവാറ്റുപുഴ വാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ തുടങ്ങിയ ദീർഘകാലമായി പൂർത്തീകരിക്കാതെ കിടക്കുന്ന പദ്ധതികളുടെ പരിശോധനക്കായി നിയോഗിച്ച സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | സി) | സാങ്കേതിക സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ